**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 32** **23-06-2026-ൽ മറുപടിയ്ക്ക്**

**എം.എസ്.എം. ഇ. കൾക്ക് പ്രോത്സാഹനം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. എം. വിജിൻ

ശ്രീ. സജി ചെറിയാൻ

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

ശ്രീ. കാരായി രാജൻ

**മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ സൂക്ഷ്മ, ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് (എം.എസ്.എം.ഇ) സാമ്പത്തിക പരിരക്ഷ നൽകുന്നതിന് മുൻ സർക്കാരിന്റെ കാലത്ത് എം.എസ്.എം.ഇ. ഇൻഷ്വറൻസ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

**മറുപടി:** ഉണ്ട്. സംസ്ഥാനത്തെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് അവരുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്നതും, മുൻകൂട്ടി കാണാൻ കഴിയാത്തതുമായ അപകടങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനായി, മിനിമം ഇൻഷ്വറൻസ് പരിരക്ഷ എന്ന നിലയിൽ പ്രീമിയം തുകയുടെ 50 ശതമാനം, (പരമാവധി 5000 രൂപ വരെ) റീഇംബേഴ്സ്മെന്റ് നൽകുന്നതാണ്. നിലവിൽ പ്രവർത്തിക്കുന്ന സംരംഭകർക്കും അതുപോലെ പുതിയ സംരംഭകർക്കും ഈ ആനുകൂല്യം ലഭ്യമാണ്.

**(ബി)** പ്രശ്നങ്ങൾ നേരിടുന്ന സംരംഭങ്ങളെ കണ്ടെത്തി പരിഹാര നിർദ്ദേശങ്ങൾ നൽകുന്നതിനായി എല്ലാ ജില്ലകളിലും എം.എസ്.എം.ഇ. ക്ലിനിക്കുകൾക്ക് രൂപം കൊടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

**മറുപടി:** ഉണ്ട്. സംരംഭവുമായി ബന്ധപ്പെട്ട എല്ലാ സംശയങ്ങൾക്കും മറുപടി നൽകുന്നതിനായി വിവിധ മേഖലകളിലെ വിദഗ്ധരെ ഉൾപ്പെടുത്തി എല്ലാ ജില്ലകളിലും എം.എസ്.എം.ഇ ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. എല്ലാ സംരംഭകർക്കും നിയമം, മാർക്കറ്റിംഗ്, ഡി.പി.ആർ തയ്യാറാക്കൽ, കയറ്റുമതി, ജി.എസ്.ടി, സാങ്കേതിക വിദ്യ, ലൈസൻസുകൾ, ബാങ്കിംഗ് തുടങ്ങിയ മേഖലകളിൽ എംപാനൽ ചെയ്ത വിദഗ്ധരുമായി ആശയവിനിമയം നടത്തുവാനും സംരംഭകത്വവുമായി ബന്ധപ്പെട്ട അവരുടെ സംശയങ്ങളും പ്രശ്നങ്ങളും പരിഹരിക്കുന്നതിനുമായി ലക്ഷ്യമിട്ടുള്ളതാണ് ഈ ക്ലിനിക്കുകൾ.

ഈ സേവനം താലൂക്ക് തല എം.എസ്.എം.ഇ ക്ലിനിക്കുകൾ വഴിയും നൽകി വരുന്നു.

**(സി)** തെരഞ്ഞെടുത്ത എം.എസ്.എം. ഇ. കളെ ശരാശരി നൂറ് കോടി വിറ്റുവരവുള്ള ബിസിനസുകളായി ഉയർത്തുക എന്ന ലക്ഷ്യത്തോടെ മിഷൻ 1000 കേരള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

**<u>മറുപടി:</u>** ഉണ്ട്. കേരളത്തിലെ എം.എസ്.എം.ഇ കളിൽ നിന്നും തെരഞ്ഞെടുത്ത 1000 സംരംഭങ്ങളെ നാല് വർഷത്തിനുള്ളിൽ ശരാശരി 100 കോടി രൂപ വിറ്റുവരവുള്ള ബിസിനസുകളായി ഉയർത്തുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കി വരുന്ന, സ്കെയിൽ അപ്പ് മിഷൻ പദ്ധതിയിലേക്ക് 534 സംരംഭങ്ങളെ ഇതുവരെ തെരഞ്ഞെടുത്തിട്ടുണ്ട്. തെരഞ്ഞെടുത്ത സംരംഭങ്ങളിൽ നിന്നും ആനുകൂല്യത്തിനായി അപേക്ഷകൾ സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**